ഇനിയും കുറ്റവാളികളെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ജിൻസ് ജോൺ എന്ന ചെറുപ്പക്കാരൻ അന്നുണ്ടായ സംഭവത്തിന്റെ മാനസികാഘാതത്തെ തുടർന്ന് ഇന്നും ആശുപത്രിയിൽ ചികിത്സയിൽ കഴിയുകയാണ്. ശ്രീ. ജോണി അരീക്കാട്ടേലിന്റെ കുടുംബം വലിയ ആശങ്കയിലും ഉത്കണ്ഠയിലുമാണ്. പ്രത്യേക അന്വേഷണ സംഘത്തെ ഏർപ്പെടുത്തിക്കൊണ്ടുതന്നെ അടിയന്തിരമായി കുറ്റവാളികളെ കണ്ടെത്തുവാൻ നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ) : ബഹുമാനപ്പെട്ട ജോണി നെല്ലൂർ പറഞ്ഞ സംഭവം നടന്നതാണ്. മർദ്ദനത്തിന് ഇരയായ ജിൻസ് ജോണിന് പോലും അതിനെപ്പറ്റി കൂടുതൽ വിവരം തരാൻ കഴിയുന്നില്ല. എങ്കിലും പോലീസ് ഇതിനകം തന്നെ ധാരാളം ആളുകളെ ചോദ്യം ചെയ്യുകയും അന്വേഷണം ഊർജ്ജിതമായി നടത്തുകയും ചെയ്തു. പക്ഷേ കുറ്റവാളികളെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. കാറിന്റെ നമ്പരോ മറ്റ് അടയാളങ്ങളോ കൊടുക്കാൻ കഴിഞ്ഞിരുന്നെങ്കിൽ എളുപ്പം കണ്ടുപിടിക്കാൻ കഴിയുമായിരുന്നു. ഇങ്ങനെയുള്ള ബുദ്ധിമുട്ടുകളുണ്ടെങ്കിലും ഗവൺമെന്റ് ഇത് വളരെ ഊർജ്ജിതമായി അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. കൂടുതൽ ഊർജ്ജസ്വലമായ അന്വേഷണം നടത്തുന്നതിന് പ്രത്യേകമായ നിർദ്ദേശം നൽകുന്നതാണ്.

(7) പാകിസ്ഥാൻ ചാരസംഘടനയായ ഐ.എസ്.ഐ.-യുടെ പ്രവർത്തനങ്ങൾ

ശ്രീ. പി. സി. ജോർജ് : കേരളത്തിന്റെ വടക്കൻ ജില്ലകളിൽ പാകിസ്ഥാൻ ചാരസംഘടനയായ ഐ.എസ്.ഐ.-യുടെ സാന്നിദ്ധ്യമുണ്ടെന്ന കരസേനയുടെ ദക്ഷിണ മേഖല കമാന്റിംഗ് ഓഫീസർ മേജർ ജനറൽ ബി. ശിവശങ്കരന്റെ പ്രസ്താവനയുടെ നിജസ്ഥിതി എന്താണെന്നറിയാൻ കേരളത്തിലെ ജനങ്ങൾക്ക് ആഗ്രഹമുണ്ട്. ബാംഗ്ലൂരിലെ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് കാമ്പസ്സിൽ അതിക്രമിച്ചുകടന്ന് ശാസ്ത്രജ്ഞനെ വെടിവച്ചുകൊന്ന സംഭവത്തിൽ ഐ.എസ്.ഐ.-യ്ക്ക് ബന്ധമുണ്ടെന്ന് സംശയിക്കുന്ന പശ്ചാത്തലത്തിൽ കരസേനാധിപന്റെ പ്രസ്താവനയ്ക്ക് പ്രാധാന്യം കൽപ്പിക്കേണ്ടതായിട്ടുണ്ട്. കാസർഗോഡും കണ്ണൂരും ഐ.എസ്.ഐ.-യുടെ പ്രവർത്തനം നടക്കുന്നതായി വിവരമുണ്ടെന്നും ആ പ്രദേശങ്ങൾ ഇന്റലിജൻസ് വിഭാഗത്തിന്റെ നിരീക്ഷണത്തിലാണെന്നുമാണ് മേജർ ജനറൽ ഡിസംബർ 21-ന് ചെന്നൈയിൽ പറഞ്ഞത്. അതീവ ഗൗരവമായ ഈ വെളിപ്പെടുത്തലിനെക്കുറിച്ച് സംസ്ഥാന ആഭ്യന്തര വകുപ്പിന്റെ ചുമതല വഹിക്കുന്ന മുഖ്യമന്ത്രി ഇതുവരെ പ്രതികരിച്ചിട്ടില്ല. അതിന് പ്രാധാന്യം കൽപ്പിക്കേണ്ട ഒരു കാര്യം, കൂടുതലും രാഷ്ട്രീയതലത്തിലുള്ള പ്രവർത്തനങ്ങളാണ് കണ്ണൂരും കാസർഗോഡും ഐ.എസ്.ഐ. സ്വാധീനത്തിൽ നടക്കുന്നത് എന്ന് കരസേനയുടെ തലവൻ വെളിപ്പെടുത്തിയിട്ടുണ്ട്. അതാണ് ഏറ്റവും പ്രാധാന്യമുള്ളത്. ഈ അടുത്തകാലത്താണ് കോഴിക്കോട് ബസ് സ്റ്റാന്റിൽ നിന്ന് ഉഗ്രമാരകശേഷിയുള്ള സ്ഫോടക വസ്തുക്കൾ പിടിച്ചെടുത്തത്. അതിന്റെ ഉറവിടവും കണ്ടെത്തിയിട്ടില്ല. കേരളത്തിന്റെ പല ഭാഗങ്ങളിൽ നിന്നും തീവ്രവാദികൾ ഉപയോഗിക്കുന്ന ജലാറ്റിൻസ്റ്റിക് ഉൾപ്പെടെയുള്ള സ്ഫോടക വസ്തുക്കൾ

LIBRARY ARCHIVES Kerala Legislative Assembly

ലഭിച്ചുകൊണ്ടിരിക്കുന്നു. ഇതിൽ ഐ.എസ്.ഐ.-യുടെ സാന്നിദ്ധ്യമുണ്ടെന്നുള്ള പ്രസ്താവന അതീവ ഗൗരവമായി കാണേണ്ടതുണ്ട്. കരസേന മേജർ ജനറലിന്റെ പ്രസ്താവന കണ്ണൂരും കാസർഗോഡും പ്രവർത്തിക്കുന്ന മുഴുവൻ രാഷ്ട്രീയ പ്രവർത്തകരുടെമേലും സംശയത്തിന്റെ നിഴൽ വീഴ്ത്താൻ ഇടയുണ്ട് എന്നുള്ളതാണ് എനിക്ക് ഇക്കാര്യത്തിൽ പറയാനുള്ളത്. അപ്പോൾ രാഷ്ട്രീയതലത്തിലുള്ള പ്രവർത്തനം നടക്കുന്നുവെന്നാണ് ബഹുമാന്യനായ കരസേനയുടെ മേജർ ജനറൽ ബി. ശിവശങ്കരന്റെ പ്രസ്താവന. ആ നിലയ്ക്ക് കാസർഗോഡും കണ്ണൂരുമുള്ള എല്ലാ രാഷ്ട്രീയ പ്രവർത്തകരെയും ജനങ്ങൾ സംശയിക്കുന്ന സാഹചര്യമുണ്ടാകാനുള്ള സാദ്ധ്യതയുണ്ട്. അതുകൊണ്ട് ഇതുസംബന്ധമായ ഗവൺമെന്റിന്റെ വിവരങ്ങൾ എന്താണ്? ഏത് മേഖലയിലാണ്, ഏത് രാഷ്ട്രീയ പ്രവർത്തകനാണ് ഈ നിലയിൽ പ്രവർത്തിക്കുന്നതെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ പേരിൽ എന്ത് നടപടി സ്വീകരിച്ചു? അതിന്റെ ഉറവിടം കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടോ? കേരളവും അടുത്തകാലത്ത് ഭീകരവാദികളുടെ കൈകളിലേക്ക് അമരുകയാണോ എന്നറിയാൻ ജനങ്ങൾക്ക് ആഗ്രഹമുണ്ട്.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, കേരളത്തിന്റെ വടക്കൻ പ്രദേശങ്ങളിൽ പാകിസ്ഥാൻ ചാരസംഘടനയായ ഐ.എസ്.ഐ.-യുടെ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെന്ന ചില പത്രവാർത്തകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിനുമുൻപും ഇതിനുശേഷവും ഇതുപോലെയുള്ള കാര്യങ്ങൾ നിരീക്ഷിച്ചു കൊണ്ടിരിക്കുകയാണ്. പക്ഷേ കേരളത്തിൽ അങ്ങനെയൊരു പ്രവർത്തനം നടക്കുന്നതായി ഇതുവരെ ഗവൺമെന്റിന്റെ ഒരു അന്വേഷണത്തിലും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അങ്ങനെ എന്തെങ്കിലും വിവരം തരാൻ കഴിയുമെന്നുണ്ടെങ്കിൽ പ്രത്യേകമായി നിരീക്ഷിക്കാൻ തയ്യാറാണ്. ഒരുകാരണവശാലും ഈ രീതിയിലുള്ള പ്രവർത്തനം ഇവിടെ അനുവദിക്കില്ല.

(8) വൈക്കം മണ്ഡലത്തിലെ കണ്ണംകുളത്ത് കടവിൽ കടത്തുവള്ളം മറിഞ്ഞ് അപകടം സംഭവിച്ചവർക്ക് സാമ്പത്തിക സഹായം

ശ്രീ. പി. നാരായണൻ: വൈക്കം മണ്ഡലത്തിലെ മറവൻതുരുത്ത് പഞ്ചായത്തിൽ കണ്ണംകുളത്ത് കടവിൽ സ്കൂൾ കുട്ടികളടക്കം 27 പേരിലധികം ആളുകൾ യാത്ര ചെയ്തിരുന്ന കടത്തുവള്ളം ഇന്നലെ എതിരെ വന്ന യമഹ എഞ്ചിൻ ഘടിപ്പിച്ച വള്ളത്തിന്റെ ഓളത്തിൽ ആടിയുലയുകയും കടത്തുവള്ളം മറിഞ്ഞ് അപകടം സംഭവിക്കുകയും ചെയ്തു. മുൻ പഞ്ചായത്ത് മെമ്പറും അംഗൻവാടി ടീച്ചറുമായ ശുഭാശശിയും കടത്തുകാരനായ ചിദംബരവും മരിച്ചു. വള്ളത്തിലുണ്ടായിരുന്ന കുട്ടികളടക്കമുള്ള ആളുകൾ വൈക്കം ഗവൺമെന്റ് ആശുപത്രിയിൽ ചികിൽസയിലാണ്. അവർക്ക് സൗജന്യ ചികിൽസ നൽകുന്നതിനും മരിച്ചവരുടെ ആശ്രിതർക്ക് 5 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നതിനും ഞാൻ ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly